ജിയോക്യാം സോഫ്റ്റ് വെയർ സംവിധാനം

45 [642] ശ്രീ. റോഷി അഗസ്റ്റിൻ :

,, തോമസ് ചാഴികാടൻ :

,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജിയോക്യാം സോഫ്റ്റ് വെയർ സംവിധാനം കേരളത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഈ സംവിധാനത്തിന്റെ സവിശേഷതകൾ എന്തൊക്കെ ആണെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിന് എന്തുതുക വകയിരുത്തിയിട്ടുണ്ട്;

(ഡി) ഈ സംവിധാനം എന്നത്തേക്ക് പ്രാവർത്തികമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൊതുമരാമത്തുവകുപ്പിലെ റോഡ് സേഫ്റ്റി എൻജിനീയർമാരുടെയും, പോലീസിന്റെയും ഗവേഷണ സ്ഥാപനങ്ങളുടെയും സഹായത്തിനായി റോഡ് അപകടങ്ങളുടെ വിവരശേഖരണത്തിനും അപഗ്രഥനത്തിനുമായി ഉപയോഗിക്കാനുള്ള ഉപകരണമാണ് ജിയോക്യം. കേരള സംസ്ഥാന ക്രൈം റിക്കോർഡ്സ് ബ്യൂറോ ഈ സോഫ്റ്റ് വെയർ മുഖേന അപകട റിപ്പോർട്ട് തയ്യാറാക്കുന്നു. ഈ സംവിധാനം ഉപയോഗപ്പെടുത്തി അപകടസ്ഥലങ്ങളെപ്പറ്റി പല അടിസ്ഥാന വിവരങ്ങളും അവയുടെ ഗ്രാഫിക്കൽ ഡിസ്പ്ലേയും ലഭിക്കുന്നതാണ്.

(സി) 23,00,000 രൂപ.

(ഡി) ഈ സംവിധാനം തിരുവനന്തപുരം സിറ്റിയിൽ ഭാഗികമായി പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്നു. ഡിജിറ്റൽ ഭൂപടം ഉള്ള ജില്ലകളിൽ 3 മാസത്തിനുള്ളിലും ബാക്കിയുള്ള ജില്ലകളിൽ ഒരുവർഷത്തിനകവും പ്രാവർത്തികമാക്കാം.

ദേശീയപാതയിൽ റിഫ്ളക്ടർ, സൈൻബോർഡുകൾ എന്നിവ സ്ഥാപിക്കുന്നതിന് നൽകിയ കരാർ

46 [643] ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാതയിൽ റിഫ്ളക്ടർ, സൈൻബോർഡുകൾ എന്നിവ സ്ഥാപിക്കുന്നതിന് കരാർ നൽകിയത് സംബന്ധിച്ച് അന്വേഷണം നടക്കുന്നുണ്ടോ; എങ്കിൽ അന്വേഷണ പുരോഗതി വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) റിഫ്ളക്ടർ, സൈൻബോർഡുകൾ എന്നിവ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ആർക്കാണ് കരാർ നൽകിയത്;

(സി) കരാർ വ്യവസ്ഥകൾ എന്തായിരുന്നു;

(ഡി) കരാർ നൽകുന്നതിന് ടെണ്ടർ വിളിച്ചിരുന്നോ;

(ഇ) സൈൻബോർഡുകളിൽ പരസ്യം നൽകുകവഴി കരാറുകാരന് എന്തുതുക ലഭിച്ചിട്ടുണ്ട് എന്നും സർക്കാരിന് എന്തു തുക ലഭിച്ചു എന്നും അറിയിക്കാമോ?

ഉത്തരം

(എ) ദേശീയപാതയിൽ റിഫ്ളക്ടർ, സൈൻബോർഡുകൾ സ്ഥാപിച്ചവകയിൽ അന്വേഷണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മെസ്സേഴ്സ് സാർ ഡി (M/s. SarDe) തൈക്കാട്, തിരുവനന്തപുരം.

(സി) കരാർ വ്യവസ്ഥയുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) ടെൻഡർ വിളിച്ചാണ് കരാർ നൽകിയിട്ടുള്ളത്.

(ഇ) ഈ സൈൻബോർഡുകളിൽ പരസ്യം പതിയ്ക്കാറില്ല.

വിവിധ ഏജൻസികൾ മുഖേന നിർമ്മിക്കപ്പെടുന്ന റോഡുകൾ

47 [644] ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കുന്നവയും ത്രിതലഫണ്ട് ഉപയോഗിച്ചും എം. പി., എം.എൽ.എ. സ്കീമിലും നിർമ്മിക്കപ്പെടുന്നവയുമായ റോഡുകൾക്ക് 8 മീറ്റർ വീതം വീതി ഉണ്ടായിരിക്കണമെന്ന വ്യവസ്ഥ മാറ്റേണ്ടതിന്റെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

കാലവർഷത്തിൽ തകർന്നുപോയ റോഡുകളുടെ പുനരുദ്ധാരണം

48 [645] ശ്രീ. സി. കെ. നാണു :

ഡോ. എ. നീലലോഹിതദാസൻ നാടാർ:

ഡോ. കെ. സി. ജോസഫ് :

ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly